# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് എ / കെ എൻ ആർ /സി 8 /963/20 21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 30/09/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ / കെ എൻ ആർ /സി 8 /963/20 21 തീയ്യതി: 30/09/2021

## കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 04-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2021 | 27-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2021 | 27-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ്ഓഫീസർ (ഹ ഗ്രേ)
ശ്രീമതി.വിപിന വത്സരാജ് -അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ
ശ്രീ.ആൽബർട്ട് ജോസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജിമ.എ).സി -സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.യു.പി .ശോഭ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.വി.ബാലൻ | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| ശ്രീമതി.പ്രമീള.ടി.എം | സെക്രട്ടറി | 01-04-2020 | 03-01-2021 |
| ശ്രീമതി.മഞ്ജുഷ.പി.എൻ | സെക്രട്ടറി | 04-01-2021 | 15-01-2021 |
| ശ്രീ.പോൾ.എം.ഒ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-01-2021 | 10-02-2021 |
| ശ്രീ.മാത്യു.കെ.എം | സെക്രട്ടറി | 11-02-2021 | 11-03-2021 |
| ശ്രീ.കിരൺ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിനീത്.പി.വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ആൽവിൻ വ്യാസ്.ജി | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.ഷെറീജ് ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീകുമാർ മമ്മാലി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.വിനയ.കെ | വി ഇ ഒ (കണ്ണവം ) | 01-04-2020 | 31-03-2021 |
| ശ്രീ.സാരംഗ്.ടി.എൻ | വി ഇ ഒ (മാനന്തേരി ) | 01-04-2020 | 31-03-2021 |
| ശ്രീമതി.രേഷ്മ.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി.രസ്ന. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-06-2020 | 24-12-2020 |
| ശ്രീമതി.ബിന്ദു റാണി.എം | ഐ സി ഡി എസ് സൂപ്പർവൈസർ | 11-01-2021 | 23-01-2021 |
| ശ്രീമതി.രജനി.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-02-2021 | 31-03-2021 |
| ശ്രീമതി.പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജീവൻ.ടി | അസിസ്റ്റന്റ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | എഞ്ചിനിയർ | | |
| ശ്രീ.പോൾ.എം.ഒ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 03-03-2021 |
| ശ്രീ.കിരൺ.പി | അസിസ്റ്റന്റ് സെക്രട്ടറി | 04-03-2021 | 31-03-2021 |

1)ശ്രീമതി.പ്രമീള.ടി.എം-സെക്രട്ടറി),ശ്രീ.രാജീവൻ.ടി(അസിസ്റ്റന്റ്എഞ്ചിനീയർ), ശ്രീ.വിനീത്.പി.വി ( കൃഷി ഓഫീസർ) എന്നീ ഉദ്യോഗസ്ഥരെ12.11.2020 മുതൽ 19.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട് . 2)25.12.2020 മുതൽ 10.1.2020 വരെയും ,24.1.2021 മുതൽ 31.1.2021 വരെയും ഉള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ വിവരം സ്ഥാപനം ഹാജരാക്കിയിട്ടില്ല

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-2 |
| 3 | ക്യൂ ബിൽ തുകബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Lathavani (Audit Officer, On 29-08-2021) | 1-2- 1 |
| 4 | മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-2-2 |
| 5 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-2-3 |
| 6 | ചെലവ് തെറ്റായ ഇനത്തിൽ ചേർത്തു<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-2-4 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-2-5 |
| 8 | ബാധ്യത ഒഴിവാക്കുന്നില്ല<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-2-6 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Lathavani (Audit Officer, On 31-08-2021) | 1-3 |
| 10 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-4 |
| 11 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Albert Jose (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-6 |
| 13 | ക്ഷേമ പദ്ധതികൾ<br>Written By: Vipina Valsaraj (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-7 |
| 14 | പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-7-1 |
| 15 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Rajima A.C (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-8 |
| 16 | ആഭ്യന്തരനിയന്ത്രണം<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-9 |
| 17 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-10 |
| 18 | പൊതുഭരണം<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-11 |

| | | |
|---|---|---|
| 19 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - അപേക്ഷ സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി<br>Written By: Rajima A.C (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-12 |
| 20 | തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് പൂർണ്ണമല്ല<br>Written By: Rajima A.C (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1- 13 |
| 21 | തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Rajima A.C (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-14 |
| 22 | എഫ് ടി ഇ & ഒ എസ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Rajima A.C (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-15 |
| 23 | കള്ള് ഷാപ്പുകൾ എഫ് ടി ഇ & ഒ എസ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Rajima A.C (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-16 |
| 24 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിനു ലഭ്യമായിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-17 |
| 25 | IKM ന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രമില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-18 |
| 26 | വാഹന പരിപാലനം<br>Written By: Vipina Valsaraj (Senior Grade Auditor, On 31-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-19 |
| 27 | ഗ്യാസ് ശ്മശാനം - NOC ലഭ്യമായില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-20 |
| 28 | പൊതുകുഴൽക്കിണർ അറ്റകുറ്റപ്പണി -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: Vipina Valsaraj (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-21 |
| 29 | കാർഷിക പദ്ധതികൾ-ഉത്പാദനക്ഷമത ഉറപ്പുവരുത്താൻ ഫലപ്രദമായ മോണിട്ടറിങ് വേണം<br>Written By: Vipina Valsaraj (Senior Grade Auditor, On 31-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-22 |
| 30 | പാലിന് ഇൻസെൻറീവ് - ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-23 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-24 |
| 32 | പ്രൊക്യൂർമെന്റ് കമ്മിറ്റി കാര്യക്ഷമമല്ല<br>Written By: Lathavani (Audit Officer, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-25 |
| 33 | വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - ബ്ലോക്ക് പഞ്ചായത്ത് വർക്കിങ് ഗ്രാന്റ് ലഭ്യമായിട്ടില്ല<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-26 |

| | | |
|---|---|---|
| 34 | അങ്കണവാടി പോഷകാഹാര പരിപാടി ഡ്രൈവർക്ക് കടത്തുകൂലി അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: Rajima A.C (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-27 |
| 35 | ഗ്രാമപഞ്ചായത്തിലെ ശുചിത്വ പരിപാലനം ,ഹരിതകർമ്മസേന പ്രവർത്തനം - അവലോകനം<br>Written By: Vipina Valsaraj (Senior Grade Auditor, On 31-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-28 |
| 36 | ആയുർവേദ മരുന്നുകൾ ലഭ്യമായില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 30-08-2021)<br>Last Updated By: Lathavani (Audit Officer, On 31-08-2021) | 1-29 |
| 37 | ഹോമിയോ ആശുപത്രിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല<br>Written By: Vipina Valsaraj (Senior Grade Auditor, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-30 |
| 38 | പാലിയേറ്റീവ് പരിചരണം - 3,73,210 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Lathavani (Audit Officer, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-31 |
| 39 | ദുരന്ത നിവാരണ പ്രവർത്തനം<br>Written By: Lathavani (Audit Officer, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-32 |
| 40 | ആസ്തികളുടെ സംരക്ഷണം<br>Written By: Lathavani (Audit Officer, On 30-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 1-33 |
| 41 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യുന്നില്ല<br>Written By: Albert Jose (Senior Grade Auditor, On 29-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Lathavani (Audit Officer, On 28-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Lathavani (Audit Officer, On 31-08-2021) | 4- 4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 25-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Lathavani (Audit Officer, On 28-08-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 31-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Lathavani (Audit Officer, On 28-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 30-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

### 1-1 ബജറ്റ്

| ബജറ്റ് | | ഭരണ സമിതി തീരുമാനം& തീയതി | പുതുക്കിയ ബജറ്റ് | ഭരണ സമിതി തീരുമാനം& തീയതി |
|---|---|---|---|---|
| മുന്നിരിപ്പ് | 19287793 | 90/20 (2)Dt 24.3.2020 | 14596313 | 1/49/2021(1) Dt22.02.2021 |
| വരവ് | 161048500 | | 175122856 | |
| ആകെ | 180336293 | | 189719169 | |
| ചെലവ് | 161608300 | | 174428313 | |
| നീക്കിയിരിപ്പ് | 18727993 | | 15290856 | |

എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ സമർപ്പിച്ച നോൺപ്ലാൻ ബജറ്റ് ശുപാർശ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. ബജറ്റ് പ്രൊപ്പോസലുകൾ ആവശ്യപ്പെടുന്നതിലും സമർപ്പിക്കുന്നതിലും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിൽ ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിയ്ക്കുന്ന പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കരട് ബജറ്റ് സമയത്തിന് അംഗീകരിച്ചിട്ടില്ല (തീരുമാനം 25 തീയതി 19.3.2020) അന്തിമ ബജറ്റ് യഥാസമയം അംഗീകരിച്ചിട്ടുണ്ട്. കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക കമ്മിറ്റി ചേർന്നതിന്റെ വിവരം ലഭ്യമായിട്ടില്ല . പെർഫോമൻസ് ബജറ്റ്, ജൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 11.07.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2- 1 ക്യൂ ബിൽ തുകബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ക്യൂ ബിൽ ഇനത്തിലുള്ള തുക 20,10,275 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

### 1-2-2 മുൻകൂർ നൽകിയ തുക ക്രമീകരിച്ചിട്ടില്ല

B-18 ഷെഡ്യൂൾ പ്രകാരം കെ എസ് ഇ ബിയ്ക്ക് മുൻകൂർ നൽകിയ തുക ഇനത്തിൽ 9,93,761 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഈ വർഷവും ലഭ്യമാക്കിയിട്ടില്ല

### 1-2-3 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് റിക്കവറി രജിസ്റ്റർ വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

### 1-2-4 ചെലവ് തെറ്റായ ഇനത്തിൽ ചേർത്തു

കുടിവെള്ള വിതരണം ,ഖരമാലിന്യ നിർമ്മാർജ്ജനം പ്രോജക്ട് ചെലവുകൾ I-14(C) - "മേഖല വിഭജനത്തിൽ ഉൾപ്പെടാത്ത " ഇനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്

### 1-2-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തികൾ സൃഷ്ടിച്ചപ്പോൾതത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക്മാറ്റിയില്ല. B- 3ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ മുൻവർഷത്തെ തുക ( 5,58,95,764)തന്നെ ആവർത്തിച്ചിരിയ്ക്കുന്നു. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

### 1-2-6 ബാധ്യത ഒഴിവാക്കുന്നില്ല

1-B- 9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകയിൽ മുൻ വർഷത്തെ ചില ഇനങ്ങൾ ഡ്യൂസ് ടു അദർ പഞ്ചായത്ത് -1600,കെ സി ഡബ്ല്യ ഡബ്ല്യ എഫ് -660 &റീഫണ്ട് പേയബിൾ -അതേഴ്സ് -19,361, അദർ ലയബിലിറ്റി ഹെഡിലെ തുക 8,800 പെൻഷൻ മണിഓർഡർ റിട്ടേൺ തുക എന്നിവ വർഷങ്ങളായി ബാധ്യത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇവ ബാധ്യതയിൽ നിന്നും ഒഴിവാക്കുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 2,39,95,790.75 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,88,39,713.00 |
| ആകെ | 8,28,35,503.75 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,98,57,282.00 |
| നീക്കിയിരിപ്പ് | 2,29,78,221.75 |
| വരവിനങ്ങളിലെ നഷ്ടം/ | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 507 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | | 12643875 | 12643875 | 12621507 | | 22368 |
| വികസന ഫണ്ട് (എസ് സി പി ) | | 698431 | 698431 | 554950 | | 143481 |
| വികസന ഫണ്ട് (ടി എസ് പി ) | | 3230504 | 3230504 | 2535848 | 1,20,000 | 5,74,656 |
| മെയിന്റനൻസ് ഫണ്ട്(റോഡ് ) | | 69,17,000 | 69,17,000 | 67,68,803 | 1,48,197 | |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം ) | | 3871000 | 3871000 | 26,90,570 | | 11,80,430 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട് ) | | 49,30,000 | 49,30,000 | 4,17,000 | 9,62,078 | 35,50,922 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ഫണ്ട് ) | | 97,13,296 | 97,13,296 | 57,32,001 | 7,80,000 | 32,01,295 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വം | 1180577 | 2405324 | 3585901 | 1795208 | | 1790693 |
| ഐസി ഡിഎസ് | 193542 | 857403 | 1050945 | 299520 | | 751425 |
| എം പി ഫണ്ട് | 30,690 | 893 | 31583 | 90 | | 31493 |
| സംസ്ഥാനാവിഷ്കൃത വരവുകൾ | | | | | | |
| തൊഴിലുറപ്പ് -100 ദിന തൊഴിൽ ദിനങ്ങൾ | | 3,03,000 | 3,03,000 | 3,03,000 | | |
| സ്പെസിഫിക് പർപ്പസ് (വിമുക്തി, പ്രോജക്ട് ഫണ്ട് , പോളിംഗ് ബൂത്ത് ക്രമീകരണം ,കില പരിശീലനം മുതലായവ) | 70,900 | 109970 | 180870 | 40500 | | 140370 |
| കോവിഡ് -19 എപ്പിഡെമിക് കൺട്രോൾ -സംഭാവന | | 50000 | 50000 | 0 | | 50000 |
| ദുരിതാശ്വാസ നിധി | 30,899 | 45,095 | 75,994 | 29,500 | | 46,494 |
| സാക്ഷരത | 22943 | 729 | 23672 | 90 | | 23582 |
| ഗുണഭോക്തൃ വിഹിതം | 48,015 | 223100 | 271115 | 220850 | | 50265 |
| Block | 3668631 | 1228138 | 4896769 | 1575467 | | 3321302 |
| Jilla | 1,00,000 | | 1,00,000 | | | 1,00,000 |

സ്പെസിഫിക് പർപ്പസ് ഗ്രാന്റിൽ നീക്കിയിരിപ്പായ 140730/- രൂപ ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ് ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിലെ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചാണ് മേൽ പരാമർശിച്ച ഫണ്ട് വിനിയോഗം തയ്യാറാക്കിയത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയ പദ്ധതി കളുടെ എണ്ണം | പൂർത്തി യാക്കിയ പദ്ധതി കളുടെ (എണ്ണം) | ഭാഗികമായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ കാത്തവ (എണ്ണം) | ചെലവ് | പൂർത്തീ കരിച്ച പ്രോജ ക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 178 | 7,55,19,298 | 136 | 118 | 18 | 42 | 4,54,24,279 | 66 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥരുടെ | അടങ്കൽ | അംഗീകാരം ലഭിച്ച | ചെലവ് | നടപ്പിലാക്കിയ പദ്ധതികളുടെ |
|---|---|---|---|---|---|

| | തസ്തിക | | പദ്ധതികളുടെ എണ്ണം | | എണ്ണം |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 34,16,595 | 18 | 29,57,962 | 16 |
| 2 | വെറ്ററിനറി സർജൻ | 26,96,306 | 14 | 25,79,263 | 14 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | 15,00,000 | 2 | 10,52,912 | 1 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - കണ്ണവം | 27,45,400 | 6 | 21,22,995 | 5 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-മാനന്തേരി | 1,81,86,578 | 13 | 64,84,716 | 13 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 32,96,748 | 5 | 30,97,112 | 3 |
| 7 | ഡയറി ഇൻസ്ട്രക്ടർ | 12,00,000 | 1 | 7,50,000 | 1 |
| 8 | സെക്രട്ടറി | 89,96,279 | 30 | 66,59,524 | 23 |
| 9 | അസിസ്റ്റൻറ് എഞ്ചിനിയർ | 2,89,81,870 | 69 | 1,78,20,523 | 47 |
| 10 | ഹെഡ് മാസ്റ്റർ | 15,18,472 | 9 | 8,50,422 | 7 |
| 11 | അസിസ്റ്റൻറ് സെക്രട്ടറി | 17,51,050 | 10 | 10,48,850 | 6 |
| 12 | ഫിഷറീസ് ഇൻസ്പെക്ടർ | 12,30,000 | 1 | 0 | 0 |
| | | 7,55,19,298 | 178 | 4,54,24,279 | 136 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 223582 | 16,56,367 | 18,79,949 | 18,26,570 | 53379 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | | 5,08,78,000 | 5,08,78,000 | 5,08,78,000 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 92,68,500 | 624 |
| വിധവാ പെൻഷൻ | 17,414,700 | 1175 |
| വാർധക്യകാല പെൻഷൻ | 2,26,36,300 | 1686 |
| വികലാംഗ പെൻഷൻ | 46,92,400 | 307 |
| അവിവാഹിത പെൻഷൻ | 38,12,900 | 257 |
| വിവാഹ ധനസഹായം | 4,80,000 | 16 |

## 1-7-1 പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| ലീല.എം,കൊമ്മക്കാര ,മാനന്തേരി | 857604656123 | 11580601162 | 9.5.2019 | 7/19 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ചാത്തമ്പള്ളി നാണി,കണ്ണവം | 212614498129 | 11580600341 | 4.9.2018 | 7/19വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

പരേതയായ ശ്രീമതി .ലീല.എം,കൊമ്മക്കാര ,മാനന്തേരിയുടെ പെൻഷൻ 10/20 ൽ സസ്പെൻഡ്ചെയ്തതായും, അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിന് ബാങ്കിന് അറിയിപ്പ് നൽകിയതായും ,പരേതയായ ശ്രീമതി ചാത്തമ്പള്ളി നാണി, കണ്ണവത്തിന്റെ അധികം അക്കൗണ്ട് ചെയ്ത തുക തിരിച്ചടക്കുന്നതിന് ബാങ്കിന് അറിയിപ്പ് നൽകുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. പെൻഷൻ വിതരണം നടത്തുന്നതിനു മുൻപ് ഇക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-)O വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-8-2021 ന് 2.45 Pm സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 21449 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പുന:നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ പ്ലാൻ പഞ്ചായത്തിൽ സമർപ്പിക്കാതെ പഴയ നികുതി അടക്കുന്നത് ഒഴിവാക്കാനുള്ള ന ടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ കൃത്യമായ നികുതി നിർണ്ണയം നടത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനായി തീരുമാനിക്കുകയും തുകകൾ മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി ഇ പേയ്മെന്റായി സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയിലും, തൊഴിൽ നികുതിയിലും ,എഫ് ടി ഇ &ഒ എസിലും കുടിശ്ശിക തുക ഈടാക്കാനുണ്ട്. കുടിശ്ശിക സംബന്ധിച്ച അരിയർ ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതും നികുതികൾ കാലഹരണപ്പെടാതെ പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്

കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര്, വിവരങ്ങൾ മാത്രമേ ഇൻകംമ്പൻസി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. പഞ്ചായത്ത് ഓഫീസ് ജീവനക്കാരുടെ വിവരം ചേർത്തിട്ടില്ല
പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-10 ഗ്രാമ സഭ

2020-21 വർഷം കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ ഒരു ഗ്രാമസഭ മാത്രമേ ചേർന്നിട്ടുള്ളൂ. പുതിയ ഭരണസമിതി അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യ ഗ്രാമസഭ 11.2.2021 ൽ കൂടിയിട്ടുണ്ട്. 2021 -22 വാർഷിക

പദ്ധതി രൂപീകരണം, PMAY(G) ആവാസ് പ്ലസ് ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഈ യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസ നിധിയിൽ ധന സഹായം കൈപ്പറ്റിയവരുടെ വിവരം ഗ്രാമസഭയിൽ വായിച്ചിട്ടില്ല.

## 1-11 പൊതുഭരണം

ഭരണസമിതിയുടെ 15.1.2021 തീയതിയിലെ 2/21 നമ്പർ തീരുമാന പ്രകാരം ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പും പുന:സംഘടിപ്പിച്ചിട്ടുണ്ട്. പുന:സംഘടിപ്പിച്ച ആസൂത്രണ സമിതിയിൽ 16 അംഗങ്ങൾ ഉണ്ട്. 2020-21 വാർഷിക പദ്ധതി ഗുണഭോക്തൃപട്ടിക തയ്യാറാക്കൽ നടപടി ക്രമങ്ങൾക്കായി 15.7.2020 ഒരു യോഗം മാത്രം ചേർന്നിട്ടുണ്ട്. 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ വർഷം 3 യോഗങ്ങൾ കൂടിയിട്ടുണ്ട്. ചില വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഹാജർ മാത്രം രേഖപ്പെടുത്തി അജണ്ട, നിർദ്ദേശങ്ങൾ രേഖപ്പെടുത്താതെ മിനട്ട്സ് അപൂർണ്ണമായി ഒഴിച്ചുവിട്ടിട്ടുണ്ട്.

വികസന സെമിനാർ - 2020-21 വർഷത്തെ പദ്ധതി ചർച്ചകൾ ചെയ്യുന്നതിനായി 29/2/2020 ൽ യോഗം ചേർന്നിട്ടിട്ടുണ്ട്. ഇതിൽ 182 പേർ പങ്കെടുത്തിട്ടുണ്ട്.

സ്റ്റിയറിംഗ് കമ്മിറ്റി - പഴയ ഭരണസമിതി 9/20 വരെ യോഗം ചേർന്നിട്ടിട്ടുണ്ട്. 13.8.2020ന് ചേർന്ന യോഗത്തിന്റെ മിനട്ട്സ് എഴുതിയിട്ടില്ല. 29.1.2021 ലാണ് പുതിയ ഭരണസമിതി സ്റ്റിയറിംഗ് കമ്മിറ്റി കൂടിയത് . 5.3.2021 യോഗ മിനട്ട്സ് എഴുതിയിട്ടില്ല. 2/21 ൽ യോഗം ചേർന്നിട്ടില്ല.

15 വാർഡുകളിലും ജനക്ഷേമം മുൻനിർത്തി ഗ്രാമ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമത കുറവാണെന്നും, സ്വന്തമായി കെട്ടിടമില്ലാത്തതും ഉള്ളതിന് അടിസ്ഥാനസൗകര്യമില്ലാത്തതും പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി പദ്ധതി രേഖയിൽ പരാമർശിച്ചിട്ടുണ്ട്. ഐ എസ് ഒ സർട്ടിഫിക്കേഷൻ (TQS/Q-1163 Up To 30.12.2022) നേടിയിട്ടുണ്ട്. പഞ്ചായത്തിൽ 18 സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട് ഇതിൽ പൊതു ജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന 8 സോഫ്റ്റ് വെയറുകൾ ഉണ്ട്. സേവന സിവിൽ രജിസ്ട്രേഷൻ, സേവന പെൻഷൻ, സഞ്ചയ വസ്തു നികുതി,സങ്കേതം,സകർമ ഗ്രാമസഭ പോർട്ടൽ, ലൈഫ് മിഷൻ, സംവേദിത പഞ്ചായത്ത് വെബ്സൈറ്റ്, ബഹു : മുഖ്യമന്ത്രിയുടെ പരാതി പരിഹാര പോർട്ടൽ ( CMO Portal Grievance) എന്നിവ ആക്ടീവാണ്.

## 1-12 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - അപേക്ഷ സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റവെയറിൽ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കാത്തതും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്തതുമായ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2019-20, 2020-21 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഇളവ് നൽകിയ വർഷം |
|---|---|---|---|
| 1 | 1/265 | പാറേക്കണ്ടി പത്മിനി | 2019-20,2020-21 |
| 2 | 1/281A | മാവില രമ്യ | 2019-20,2020-21 |
| 3 | 3/335 | ഒ മുരളി | 2019-20,2020-21 |
| 4 | 5/116 A | കല്ല്യാടൻ മനോജ്കുമാർ | 2019-20,2020-21 |

| | | | |
|---|---|---|---|
| 5 | 15/229 | പുളുക്കി ബാലചന്ദ്രൻ | 2019-20,2020-21 |
| 4 | 7/195 | എൻ ജി വിശ്വനാഥൻ | 2019-20 |
| 7 | 8/39 | ഇടത്തിൽ ചെട്ട്യാം തടത്തിൽ രാമദാസൻ | 2019-20,2020-21 |

അപാകങ്ങൾക്ക് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/20-21 തീയതി 27/8/21 നൽകിയ മറുപടിയിൽ എൻക്വയറിയിൽ പരാമർശിച്ച കെട്ടിടങ്ങൾ സഞ്ചയയിൽ നികുതി ഇളവ് അനുവദിക്കേണ്ട കാലയളവ് സംബന്ധിച്ച കോളത്തിൽ 2013 മുതൽ തുടരുന്ന എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ മേൽ കെട്ടിടങ്ങൾ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല എന്നും സോഫ്റ്റ്വെയർ പ്യൂരിഫിക്കേഷന് ഓപ്ഷൻ ലഭ്യമാകുന്ന മുറക്ക് അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സോഫ്റ്റ്വെയറിലെ അപാകങ്ങൾ പരിഹരിക്കേണ്ടതും അപേക്ഷ സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1- 13 തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് പൂർണ്ണമല്ല

2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ 12000 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു എന്നാണ് കാണിച്ചിട്ടുള്ളത്. തൊഴിൽ നികുതി ഡിമാന്റ് രജിസ്ററർ പ്രകാരം 2020-21 വർഷം തൊഴിൽ നികുതി ട്രേഡേഴ്സ് ഇനത്തിൽ 30 പുതിയ ട്രേഡേഴ്സ് ഉൾപ്പെടെ 244 ട്രേഡേഴ്സിൽ നിന്ന് മാത്രമേ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളൂ. 2019-20 വർഷം 404 കച്ചവടക്കാർ ഉള്ളതിൽ 389 പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയും ബാക്കിയുള്ളവരിൽ നിന്ന് കുടിശ്ശിക തുക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷം ലൈസൻസ് പെർമിഷൻ രജിസ്റ്റർ പ്രകാരം 460 ഓളം സ്ഥാപനങ്ങൾ ലൈസൻസെടുത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഴുവൻ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് മറുപടി നൽകേണ്ടതാണ്. 12000 രൂപ മാത്രമേ പിരിച്ചെടുക്കാൻ ശേഷിക്കുന്നുള്ളൂ എന്നാണ് ഡിമാന്റ് രജിസ്ററിൽ കാണിച്ചിട്ടുള്ളത്. ഇത് പ്രകാരം 15 പേരിൽ നിന്ന് മാത്രമേ തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുള്ളൂ എന്നാണ് കാണിച്ചിട്ടുള്ളത്. മുൻവർഷത്തെ ഡിമാന്റുമായും തൻ വർഷത്തെ ലൈസൻസെടുത്ത് വ്യാപാരികളുടെ വിവരങ്ങൾ പ്രകാരവും കുടിശ്ശിക ഡിമാന്റ് പൂർണ്ണമല്ലെന്ന് വ്യക്തമാകുന്നു .

തൊഴിൽ നികുതി (സ്ഥാപനം) ഇനത്തിൽ 5000 രൂപയാണ് ബാലൻസ് കാണിച്ചിട്ടുള്ളത് .ഇത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ മാത്രമേ ഡിമാന്റിൽ കാണിച്ചിട്ടുള്ളൂ

| | |
|---|---|
| വൺടച്ച് ഫുഡ് | രണ്ടാം അർദ്ധവർഷം |
| കൃപ ക്ലിനിക്ക് | ഒന്നാം അർദ്ധവർഷം |
| മാനന്തേരി ക്ഷീര സഹകരണ സംഘം | ഒന്നാം അർദ്ധവർഷം |
| സിൽവർസ്റ്റീം പ്ലാസ്റ്റിക്സ് | രണ്ടാം അർദ്ധവർഷം |

എന്നാൽ 2019-20 വർഷം സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തെ ഡിമാന്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല

നവരത്ന കാർട്ടൺസ്

കോസ്മോ ഡെന്റൽ ക്ലിനിക്ക്

കള്ള് ഷാപ്പ്, മാനന്തേരി

കള്ള്ഷാപ്പ്, ചിറ്റാരിപ്പറമ്പ

കള്ള് ഷാപ്പ്, തൊടീക്കളം

കള്ള് ഷാപ്പ്, കൊയ്യാറ്റിൽ

മേൽ പറഞ്ഞ സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ചും അരിയർ ഡിമാന്റ് പൂർണ്ണമാക്കാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13 Dt 26/8/21 )മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി അരിയർ ഡിമാന്റ് രജിസ്റ്റർ പൂർണ്ണമാക്കി തൊഴിൽ നികുതി ഈടാക്കാൻ ബാക്കിയുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

2020-21 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തതായി കാണുന്നില്ല വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് / ജീവനക്കാരുടെ എണ്ണം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കള്ള് ഷാപ്പ് , ചിറ്റാരിപ്പറമ്പ് | 2020-21 രണ്ടാം അർദ്ധവർഷം |
| 2 | നീരജ ഫുഡ് പ്രോഡക്ട്സ് , വലിയ വെളിച്ചം | 2020-21 രണ്ടാം അർദ്ധവർഷം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ22/20-21 Dt 26/8/21 ന് തൊഴിൽ നികുതി ഈടാക്കാൻ സ്ഥാപനഉടമകൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 എഫ് ടി ഇ & ഒ എസ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| സിബു പീറ്റർ | മോഡേൺ ഇൻഡസ്ട്രീസ് | 8 |
| ഇ ബാലൻ | ലാൽ വുഡ്ഇൻഡസ്ട്രീസ് | 5 |
| എം കെ സുലേഖ | ഷംസി വുഡ് ഇൻസ്ട്രീസ് | 9 |
| വി പി പ്രഭാകരൻ | ഹോളി ഗ്രാനൈറ്റ്&ബ്രിക്സ് പ്രൈവറ്റ് ലിമിറ്റഡ് | 9 |
| എം എം തോമസ് | സെന്റ് തോമസ് വുഡ് ഇൻസ്ട്രീസ് | 9 |
| സി ജി ജോർജ്ജ് | ഹോളി ഫാമിലി സ്റ്റോൺ ക്രഷേഴ്സ് | 4 |
| സെക്രട്ടറി ചിറ്റാരിപ്പറമ്പ് അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | സഹയി ഇലക്ട്രിക്കൾ പ്ലംബിങ്ങ് & സാനിറ്ററി സൂപ്പർ മാർക്കറ്റ് | 4 |
| മുനീർ കെ എ | ഗ്രീൻടെക് ഹോം സൊല്യൂഷൻസ് | 5 |
| ആരിഫ എ പി | സുൽത്താൻ വുഡ് ഇൻഡസ്ട്രീസ് ,കൊന്നോറ | 8 |
| റുബൈദ് ചെമ്മയിൽ | കെയർ മെഡിക്കൽ സെന്റർ & ക്ലിനിക്ക് | 5 |
| അലൗജ് എ എൻ | സിമന്റ് ബ്ലോക്ക് | 4 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വരുമാനം സംബന്ധിച്ച റിട്ടേൺ വാങ്ങിക്കാതിരുന്നതിനും തൊഴിൽ നികുതി ഈടാക്കാത്തതിനും മറുപടി ലഭ്യമാക്കാൻവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14 Dt 26/8/21 ) നൽകിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 കള്ള് ഷാപ്പുകൾ എഫ് ടി ഇ & ഒ എസ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2020-21 വർഷം ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ എഫ് ടി ഇ & ഒ എസ് ചട്ടങ്ങൾ പ്രകാരം ലൈസൻസെടുക്കാതെ താഴെ പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു , വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1 കള്ള് ഷാപ്പ്, ചിറ്റാരിപ്പറമ്പ്

2 കള്ള് ഷാപ്പ്, മാനന്തേരി

3കള്ള് ഷാപ്പ്, തൊടീക്കളം

4കള്ള് ഷാപ്പ്, കൊയ്യാറ്റിൽ

മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും 2020-21 വർഷവും മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15 Dt 26/8/21 ) നൽകിയ മറുപടിയിൽ പഞ്ചായത്ത് ലൈസൻസോട് കൂടി മാത്രമേ പ്രവർത്തിക്കാവൂ എന്ന് കാണിച്ച് 2/12/2020 ന് കള്ള് ഷാപ്പുകൾക്ക് നോട്ടീസ് നൽകിയിരുന്നെങ്കിലും കോവിഡ് പ്രതിസന്ധി കാരണം തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും ഈ സാമ്പത്തിക വർഷം മുതൽ കള്ള് ഷാപ്പുകൾ ലൈസൻസോട് കൂടി മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിനു ലഭ്യമായിട്ടില്ല

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിൽ അസി.എഞ്ചിനിയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയതായി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. 2015-16 മുതൽ 2020-21 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2015-16 | 2 | 6550 | 00 | 6550 |
| 2016-17 | 10 | 23200 | 00 | 23200 |
| 2017-18 | 22 | 51800 | 00 | 51800 |
| 2018-19 | 16 | 58324 | 00 | 58324 |
| 2019-20 | 9 | 25500 | 00 | 25500 |
| 2020-21 | 11 | 35412 | 00 | 35412 |
| ആകെ | 70 | 200786 | 00 | 200786 |

തുക ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്

ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 IKM ന് കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രമില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 1/21<br>ഐ.കെ.എംന് വിഹിതം നൽകൽ |
| അടങ്കൽ | ₹77146 വികസനഫണ്ട് |
| ചെലവ് | ₹77146<br>BRN 20220452011300721652/11-11-20 |

2017-18 ൽ അടവാക്കാൻ ബാക്കിയുള്ള ₹ 16805ഉം 2018-19 ലെ ₹1ഉം 2020-21 ലെ ₹60340 ഉം ഉൾപ്പെടെ ₹ 77146 ആണ് മുകളിൽ കൊടുത്തത് പ്രകാരം IKM ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-19 വാഹന പരിപാലനം

ജി.ഒ (എം എസ്) 170/07 ത സ്വ ഭ വ 30-06-07, സർക്കുലർ നമ്പർ 41/2008/ധനം 02-08-2008 എന്നിവ പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന് ഇപ്രകാരം ഇന്ധനക്ഷമതാടെസ്റ്റ് നടത്തിയിട്ടില്ല. തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം ലോഗ് ബുക്കിൽ തൻമാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. ആയത് രേഖപ്പെടുത്തുന്നില്ല. വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല

വാഹന ഉപയോഗത്തെ സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-20 ഗ്യാസ് ശ്മശാനം - NOC ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 247/21<br>ഗ്യാസ് ശ്മശാനം അനുബന്ധച്ചെലവുകൾ |
| അടങ്കൽ | ₹1,50,000 തനത് ഫണ്ട് |
| ചെലവ് | ₹90024<br>വൗച്ചർ നമ്പർ 22000454/14-10-20 |

ഗ്രാമപഞ്ചായത്തിൽ ഗ്യാസ് ശ്മശാനം നിർമ്മിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്ന് NOC ലഭിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22000454/14-10-20 പ്രകാരം ₹ 90,024 പൊല്യൂഷൻ കൺട്രോൾ ബോർഡിന് നൽകിയിട്ടുണ്ട്. എന്നാൽ NOC ലഭ്യമായിട്ടില്ലെന്നാണ് ഇത് സംബന്ധിച്ച് നൽകിയ Enquiry Number : 21 Dated : 26-08-2021ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയത്. ഗ്യാസ് ശ്മശാനം പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും NOC ലഭിക്കുന്ന മുറക്ക് ഗ്യാസ് ശ്മശാനം നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുമെന്നും എം എൽ എ ഫണ്ട് ഉപയോഗിച്ച് നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. NOC ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഗ്യാസ് ശ്മശാനം നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

## 1-21 പൊതുകുഴൽക്കിണർ അറ്റകുറ്റപ്പണി -വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 15/21 അമ്പായക്കാട് പൊതുകുഴൽക്കിണർ അറ്റകുറ്റപ്പണി |
| അടങ്കൽ | ₹50,000 തനത്ഫണ്ട് |
| ചെലവ് | ₹14,000 ചെക്ക് നമ്പർ 1504556/01-03-21 |

ഗ്രാമപഞ്ചായത്തിലെ നിലവിൽ ഉപയോഗിക്കാത്ത പൊതുകുഴൽക്കിണറിന്റെ ഹാൻഡ് പമ്പ്സെറ്റ് മാറ്റി പമ്പിങ് ടെസ്റ്റ്, ഭൂജലഗുണനിലവാര പരിശോധന എന്നിവ നടത്തി കിണർ ഉപയോഗ യോഗ്യമാക്കുന്നതിനായി ₹14,000 ചെക്ക് നമ്പർ 1504556/01-03-21 മുഖേന ജില്ലാ ഓഫീസർ, ഭൂജല വകുപ്പിന്റെ 719011400000020 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയ്ക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ Enquiry Number : 20 Dated : 26-08-2021ക്ക് പണി പൂർത്തിയായിട്ടില്ലെന്നും പൂർത്തിയാകുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുമെന്നുമാണ് മറുപടി നൽകിയത്.

## 1-22 കാർഷിക പദ്ധതികൾ-ഉത്പാദനക്ഷമത ഉറപ്പുവരുത്താൻ ഫലപ്രദമായ മോണിട്ടറിങ് വേണം

ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ കാർഷിക മേഖലയിൽ ആകെ 16 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. നെൽകൃഷി, പച്ചക്കറികൃഷി, വാഴകൃഷി, ഇടവിളകൃഷി എന്നിവയുടെ പ്രോത്സാഹനത്തിന് സഹായിക്കുന്ന പദ്ധതികളോടൊപ്പം തരിശുഭൂമിയിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയും തൻവർഷം നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഉത്പാദനമേഖലയിലെ സ്ഥായിയായ വളർച്ച ഉറപ്പുവരുത്തുന്നതിൽ ഈ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് ദീർഘകാലാടിസ്ഥാനത്തിൽ നിരീക്ഷണം ചെയ്യപ്പെടേണ്ടതുണ്ട്.

കൃഷിഭവന്റെ അടിസ്ഥാനസൗകര്യക്കുറവ്, തരിശുഭൂമി കണ്ടെത്തി കൃഷിയോഗ്യമാക്കുന്നതിലെ അലംഭാവം ,ഉത്പാദനക്ഷമതക്കുറവ്, നല്ലയിനം വിത്തുകളുടെയും ചെടികളുടെയും ലഭ്യതക്കുറവ്, കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും ആവശ്യാനുസരണം ലഭ്യമാകാത്തത് എന്നിവ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളായി 2020-21 വർഷത്തെ പദ്ധതിരേഖ എടുത്തുപറയുന്നുണ്ട്. എന്നാൽ ഇവയിൽ മിക്കതും പരിഹരിക്കാനുതകുന്ന പദ്ധതികൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. കൃഷിഭവന്റെ അടിസ്ഥാനസൗകര്യക്കുറവ് പരിഹരിക്കൽ, കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും ആവശ്യാനുസരണം ലഭ്യമാക്കൽ എന്നിവയൊന്നും പദ്ധതി രൂപീകരണവേളയിൽ ശ്രദ്ധ കൊടുത്തിട്ടില്ല.2018 ലെ നീർത്തട സർവേ പ്രകാരം കുറഞ്ഞുകൊണ്ടിരിക്കുന്ന കാർഷിക ഭൂമി കാർഷികമേഖല നേരിടുന്ന വലിയൊരു പ്രതിസന്ധിയാണെന്ന് പറയുന്നുണ്ട്. ശക്തമായ ഇടപെടൽ നടത്തിയാൽ 17 വ്യക്തികളുടെ കൈവശമുള്ള 42.5 ഹെക്ടർ വയലുകളിൽ നെൽകൃഷി തിരിച്ചുകൊണ്ടു വരാം എന്നാണ് നീർത്തടമാസ്റ്റർ പ്ലാൻ പറയുന്നത്. തരിശുഭൂമിയിൽ പച്ചക്കറികൃഷി എന്ന പദ്ധതി പ്രകാരം കേവലം 3 ഹെക്ടർ തരിശുഭൂമിയിൽ പച്ചക്കറികൃഷി നടത്താനുള്ള ശ്രമങ്ങളുണ്ടായിട്ടുണ്ടെങ്കിലും മുകളിൽ പറഞ്ഞ രീതിയിൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കാനുള്ള ഒരു നീക്കം ഉണ്ടായതായി കാണുന്നില്ല. കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ മതിയായ പഠനം നടത്തി ദീർഘകാലാടിസ്ഥാനത്തിൽ സ്ഥായിയായ വികസനം സാധ്യമാകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കാവുന്നതാണ്. നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണഫലപ്രാപ്തിയിലെത്തുന്നു എന്നുറപ്പുവരുത്തുന്നതിന് ഫലപ്രദവും കൃത്യവുമായ മോണിട്ടറിങ് സംവിധാനം ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 പാലിന് ഇൻസെൻറീവ് - ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നം / പേര് | പാലിന് ഇൻസെന്റീവ് 106/21 |
| അടങ്കൽ | 3,00,000വികസന ഫണ്ട്(ജനറൽ ) |
| | |

| | |
|---|---|
| | 4,50,000 (ജില്ലാപഞ്ചായത്ത്) |
| | 4,50,000 (ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ | 12,00,000 |
| ചെലവ് | 3,00,000 വികസന ഫണ്ട്(ജനറൽ ) |
| | 4,50,000ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ | 7,50,000 |

പഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ക്ഷീരകർഷകർക്ക് അവർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും അധിക പാൽ വിലയായി ഒരു ലിറ്റർ പാലിന് 4 രൂപ (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ) തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയാണിത്. ഈ വർഷം ഡിപ്പാർട്ട്മെന്റ് സബ്സിഡി നൽകാത്തതിനാൽ ഗ്രാമ, ബ്ലോക്ക് ,ജില്ലാപഞ്ചായത്ത് വിഹിതമായി 4 രൂപ അനുവദിച്ചിട്ടുണ്ട്.

വിവിധ ക്ഷീര സംഘത്തിൽ, 4/20 മാസം മുതൽ 1/21 മാസം വരെ പാലളക്കുന്ന 237 ക്ഷീരകർഷകരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 135 ക്ഷീര കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ ബാക്കിയുള്ള 102 പേർക്ക് ആനുകൂല്യം നൽകിയിട്ടില്ല. കൂടുതൽ പാൽ അളക്കുന്ന കർഷകന് മുൻഗണന നൽകണമെന്ന് പ്രോജക്റ്റിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇവർക്ക് ഈ വർഷം ആനുകൂല്യം നൽകിയിട്ടില്ല .

ഉദാ- ബീന .എ -ചിറ്റാരിപറമ്പ് - 3174 ലിറ്റർ

ബിന്ദു.ടി,ഇടുമ്പാറ - 3808 ലിറ്റർ

ലഭ്യമായ വിഹിതം ആനുപാതികമായി എല്ലാവർക്കുമായി നൽകാത്തതിന്റേയും, ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിന്റേയും കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 5 തീയതി 10.8.2021) ഡിഡിഒകോഡ് ലഭിക്കാൻവൈകിയതും റിക്വിസിഷൻ നൽകാൻ വൈകിയതും ജില്ലാ പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിന് കാരണമായെന്നും 2021-22 വർഷം സ്പിൽ ഓവറായി ഫണ്ട് അനുവദിച്ച് കിട്ടിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ടി.ആർ 7(A) കാഷ് ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. ഒഴിവായവർക്ക് സ്പിൽ ഓവർ പദ്ധതിയിലൂടെ സബ്സ്ഡി നൽകേണ്ടതും, രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-24 പൊതുമരാമത്ത് പ്രവൃത്തികൾ - പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല

2019-20 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ടെങ്കിലും 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യു.ഡി മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്തി ദീർഘീകരണത്തിന് കരാറുകാരൻ, നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖാന്തരം അപേക്ഷ സമർപ്പിച്ചതായും കാണുന്നില്ല. കരാറുകാരന്റെ പിഴവ് മൂലം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുമ്പോൾ കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ സമർപ്പിക്കണം . പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ നിയമാനുസൃതമായ അനുവാദം നേടുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നം. | പ്രോജക്റ്റ് നമ്പർ , പ്രോജക്റ്റ് | കരാർ തിയ്യതി | എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം പ്രവൃത്തി പൂർത്തീ കരണ കാലാവധി | പ്രവൃത്തി പൂർത്തി യാക്കേണ്ട തീയതി | എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീ കരിച്ച തിയ്യതി | വൈ കിയ കാല യളവ് | പി.എ.സി തുക (രൂ) | ഈടാ ക്കേണ്ട പിഴ (രൂ) | ഈടാ ക്കിയ തുക | ഈടാ ക്കാൻ ബാക്കി | കരാറു കാരൻ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1. | 163/2020-21 എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മാണം | 19.09.2018 | 6 മാസം | 18.03.2019 | 28.05.2019 | 2 മാസം 10ദിവസം | 269542 | 19.03.2019 മുതൽ 28.05.2019 വരെ - 269542 X 1% = രൂ. 2695 (1% നിരക്ക്) | 1845 | 850 | വി.പി. രാജൻ |
| 2. | 166/2020-21 കൈച്ചേരി മോടോളി റോഡ് ടാറിങ് | 19.11.2019 | 4 മാസം | 18.03.20 | 15.03.21 | 12 മാസം 6 ദിവസം | 357010 | 19.03.2020 മുതൽ 18.06.2020 വരെ - 357010 X 1% = രൂ. 3570 (1% നിരക്ക്) 19.06.2020 മുതൽ 18.09.2020 വരെ - 357010 X2 % = രൂ. 7140 (2% നിരക്ക്) 19.09.2020 മുതൽ 18.12.2020 വരെ - 357010 X2 % = രൂ. 7140 (2% നിരക്ക്) 19.12.2020 മുതൽ 15.03.2021 വരെ - 357010 X2 % = രൂ. 6902 (2% നിരക്ക്) ആകെ = 24752 | 00 | 24752 | കെ ടി വിനോദ് |
| | | | | | | | | | ആകെ | 25602 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻനേരിട്ട് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം നഷ്ടം വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ് . അല്ലാത്ത പക്ഷം നഷ്ടം വന്ന തുക

ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

## 1-25 പ്രൊക്യൂർമെന്റ് കമ്മിറ്റി കാര്യക്ഷമമല്ല

സ.ഉ(പി)നം. 259/2010/ത.സ്വ.ഭ. വ തീയതി 8.11.2010,2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1എന്നിവ പ്രകാരം വാങ്ങേണ്ടിവരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ അപ്രകാരമുള്ള നടപടിക്രമം പാലിച്ചതായി കാണുന്നില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും കമ്മിറ്റിയിൽ ഉൾപ്പെട്ട എല്ലാ അംഗങ്ങളും ടെണ്ടർ അംഗീകരിക്കുമ്പോൾ കമ്മിറ്റിയിൽ പങ്കെടുത്തതായി കാണുന്നില്ല. 16.2.2021 ന് ചേർന്ന യോഗത്തിൽ 4 പഞ്ചായത്ത് അംഗങ്ങൾ മാത്രമാണ് പങ്കെടുത്തത്. മിനുട്ട്സ് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല .

വാങ്ങിക്കുന്ന ഉപകരണങ്ങളുടെ ഗുണമേന്മ ,കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.വിവിധ വാങ്ങലുകൾ സംബന്ധിച്ച ടെണ്ടർ അംഗീകരിച്ചു എന്നു മാത്രമാണ് രേഖപ്പെടുത്തുന്നത് . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 6 തീയതി 24.08.2021) 16.2.2021 ന് ചേർന്ന യോഗത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പങ്കെടുത്തിട്ടുണ്ടെന്നും ഒപ്പിടാൻ വിട്ടുപോയതാണെന്നും ,പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്സിലെ പോരായ്മ പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്

## 1-26 വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ - ബ്ലോക്ക് പഞ്ചായത്ത് വർക്കിങ് ഗ്രാന്റ് ലഭ്യമായിട്ടില്ല

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊ നം, പേര് | 37/21, വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ/ഫണ്ട് 230000 | 200000/ - വികസന ഫണ്ട് ജനറൽ<br>20000/ബ്ലോക്ക് പ. വിഹിതം<br>10000/-ജില്ലാ പ. വിഹിതം |
| ചെലവ് | 34800/ - വികസന ഫണ്ട് ജനറൽ |
| ബിൽ നം | 6/2021//03-03-2021 |

കുടുംബശ്രീ ജനകീയ ഹോട്ടൽ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം വിശപ്പ് രഹിത കേരളം പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് 20000 രൂപയും ജില്ലാ പഞ്ചായത്ത് 10000 രൂപയും എന്ന ക്രമത്തിൽ വർക്കിങ് ഗ്രാന്റ് വകയിരുത്തി പദ്ധതി നടപ്പാക്കേണ്ടതുണ്ട്. എന്നാൽ 2020-21 വർഷത്തിൽ ഇത്തരത്തിൽ വർക്കിങ് ഗ്രാന്റ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തും തുക ഗ്രാമ പഞ്ചായത്തിന് കൈമാറിയതായോ ചെലവഴിച്ചതായോ ഉള്ള വിവരം ലഭ്യമല്ല. പഞ്ചായത്ത് പദ്ധതി പ്രകാരം, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 20000 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 10000 രൂപയും എന്ന ക്രമത്തിൽ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തു എങ്കിലും ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് വിഹിതം (വർക്കിങ് ഗ്രാന്റ്) തൻ വർഷം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ലഭ്യമാക്കിയ മറുപടിയിൽ 2021-22 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചു എന്നും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കുവാൻ 2021-22 സംയുക്ത പ്രോജക്ട് വച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം ഏത് വർഷമാണെന്ന് വ്യക്തമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പ്രകാരം പദ്ധതി പൂർത്തീകരിച്ചു എങ്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം നേടിയെടുക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-27 അങ്കണവാടി പോഷകാഹാര പരിപാടി ഡ്രൈവർക്ക് കടത്തുകൂലി അധികം നൽകിയത്

തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 17/21 - അങ്കണവാടി പോഷകാഹാര പരിപാടി |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം ) 2496922രൂപ<br>കേന്ദ്രാവിഷ്കൃതം 300000രൂപ<br>തനത് ഫണ്ട് 200000 രൂപ |
| ബിൽ നമ്പർ ,തീയതി ,തുക | 9/19-20 Dt 27/10/20 27361 രൂപ |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലെ26 അങ്കണവാടികളിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം കിലോ ഗ്രാമിന് 2.90 രൂപ നിരക്കിലും ന്യൂട്രിമിക്സിന് കിലോ ഗ്രാമിന് 3.40 രൂപ നിരക്കിലും ആണ് കടത്തു കൂലി നിശ്ചയിച്ചിട്ടുള്ളത് . എന്നാൽ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം കടത്തു കൂലിയിനത്തിൽ രാധാകൃഷ്ണൻ പള്ളിയത്ത് എന്നവർക്ക് 17/8/2020 ന് 1967.625 കി ഗ്രാം ജീവ ന്യൂട്രിമിക്സിന് 6690 രൂപയും ,ജൂൺ മാസം 3333 Kg ഭക്ഷ്യധാന്യം ഇറക്കിയ ഇനത്തിൽ 9665 രൂപയും ആഗസ്റ്റ് മാസം 3795 Kg ഭക്ഷ്യധാന്യം ഇറക്കിയ 11005 രൂപയും കൂടി ആകെ 20671 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആഗസ്റ്റ് മാസം (16-8-20)ന് മാവേലി സ്റ്റോറിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ ബിൽ പ്രകാരം 325 Kg ചെറുപയർ, 520 Kg ഉഴുന്ന്, 525 Kg വെളിച്ചെണ്ണ,2250 Kg നുറുക്ക് ഗോതമ്പ്. എന്നിവയാണ് വാങ്ങിയിട്ടുള്ളത് അത് പ്രകാരം 3620 Kg സാധനങ്ങളുടെ കടത്തുകൂലിയിനത്തിൽ ആഗസ്റ്റ് മാസം 10498 രൂപ മാത്രമേ അനുവദിക്കാവൂ. അധികം നൽകിയ 507 രൂപ സംബന്ധിച്ച് മറുപടി നൽകാൻവേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9 തീയതി 24/8/21) നൽകിയ മറുപടിയിൽ അധികംനൽകിയ തുക തിരികെ ഈടാക്കി സർക്കാറിലേക്ക് തിരിച്ചടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെഈടാക്കി സർക്കാറിലേക്ക് അടച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 ഗ്രാമപഞ്ചായത്തിലെ ശുചിത്വ പരിപാലനം ,ഹരിതകർമ്മസേന പ്രവർത്തനം - അവലോകനം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിൽ 17 ഹരിതകർമ്മ സേനാംഗങ്ങളാണുള്ളത്. ഓഡിറ്റ് കാലയളവിൽ പരിമിതമായ സൗകര്യങ്ങളിലാണ് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്. 15-07-17 ലെ സ.ഉ.(സാധ) നം. 2420/2017/ത സ്വ ഭ വ പ്രകാരമുള്ള സൗകര്യങ്ങളൊന്നും ഒരുക്കിയിട്ടില്ല. അജൈവപാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് 9ാം വാർഡിലുള്ള MCF ആണ് ഉപയോഗിക്കുന്നത്.MCF ൽ ശുചിമുറി, വസ്ത്രം മാറുന്നതിന് സൗകര്യം, കുടിവെള്ള സൗകര്യം എന്നിവയൊന്നും ഒരുക്കിയിട്ടില്ല. ഇവ ഒരുക്കുന്നതിനായി 2020-21 വർഷത്തിൽ പ്രോജക്ട് വച്ചിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. സേനാംഗങ്ങൾക്ക് 3ജോഡി യൂനിഫോം, കൈയുറ, മാസ്ക്, സാനിറ്റൈസർ എന്നിവ ലഭ്യമാക്കുന്നതിനും 2020-21 വർഷത്തിൽ പ്രോജക്ട് വച്ചിട്ടുണ്ട്. നിലവിൽ 3 വാർഡുകളിലാണ് മിനി എം.സി.എഫ് ഉള്ളത്. 12 വാർഡുകളിൽ കൂടി എം.സി.എഫ് സ്ഥാപിക്കുന്നതിന് 2020-21 വർഷത്തിൽ പ്രോജക്ട് വച്ചിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയുടെ ഉപയോഗത്തിന് വാഹനം വാങ്ങി നൽകിയിട്ടില്ല. വാഹനം വാങ്ങുന്നതിനുള്ള പദ്ധതിയും 2020-21 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ പിരിച്ച് ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്.

2019-20 ൽ പുറത്തിറക്കിയ നീർത്തടമാസ്റ്റർ പ്ലാൻ പ്രകാരം ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണസംവിധാനം പരിമിതമാണെന്ന് പറയുന്നുണ്ട്. മാലിന്യങ്ങളിൽ നിന്നും കമ്പോസ്റ്റും ബയോഗ്യാസും ഉണ്ടാക്കുന്ന സംവിധാനങ്ങൾ പരിമിതമാണ്. ചിറ്റാരിപ്പറമ്പ് , കണ്ണവം, മാനന്തേരി എന്നീ ടൗണുകളിൽ മാലിന്യസംസ്കരണ സംവിധാനങ്ങളില്ല. അറവുമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. മാലിന്യസംസ്കരണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-29 ആയുർവേദ മരുന്നുകൾ ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ | 11/21 |

| | |
|---|---|
| നമ്പരും പേരും | ആയുർവേദ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കൽ |
| അടങ്കൽ | ₹5,00,000 റോഡിതരസംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹5,00,000 BRN 20220452011300453586/20-08-20 |

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം ₹5,00,000 BRN 20220452011300453586/20-08-20മുഖേന ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ഔഷധിയിൽ നിന്നും 22-09-20 ന് മേൽ തുക കൈപ്പറ്റിയതിനുള്ള 1400012847നമ്പർ രശീതി ലഭ്യമാക്കിയിട്ടുണ്ട്. ഔഷധിയുമായുള്ള കരാർ നമ്പർ 17/20/22-09-20 പ്രകാരം മരുന്നുകൾ തുക കൈപ്പറ്റി 60 ദിവസത്തിനകം ലഭ്യമാക്കുന്നതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം നാളിതുവരെയായും മരുന്നുകൾ ലഭ്യമായിട്ടില്ല എന്നാണ് മനസ്സിലാവുന്നത്. ഇത് സംബന്ധിച്ച് നൽകിയ Enquiry Number : 19 Dated : 26-08-2021ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നൽകി ഒരു കൊല്ലമാകാറായിട്ടും മരുന്നുകൾ ലഭ്യമാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ഹോമിയോ ആശുപത്രിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 10/21 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കൽ |
| അടങ്കൽ | ₹2,50,000 റോഡിതരസംരക്ഷണ ഗ്രാന്റ് |
| ചെലവ് | ₹2,50,000 BRN 20220452011300990125/25-01-21 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പദ്ധതി പ്രകാരം ₹2,50,000 BRN 20220452011300990125/25-01-21 മുഖേന ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. 15-07-21 ന് ₹ 1,36,369ന്റെ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ₹1,13,631 നുള്ള മരുന്നുകൾ ലഭിക്കുവാൻ ബാക്കിയുണ്ട്. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 പാലിയേറ്റീവ് പരിചരണം - 3,73,210 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി എച്ച് സി ) |
| പ്രോജക്ട് നം / പേര് | സാന്ത്വന പരിചരണം 106/21 |
| അടങ്കൽ | 6,00,000 വികസന ഫണ്ട്(ജനറൽ ) |
| | 3,00,000 (ജില്ലാപഞ്ചായത്ത് ) |
| | 5,50,000 (ബ്ലോക്ക് പഞ്ചായത്ത് ) |
| ചെലവ് | 5,38,395വികസന ഫണ്ട്(ജനറൽ ) |
| | 5,14,517 (ബ്ലോക്ക് പഞ്ചായത്ത് ) |

മരുന്ന് ലഭ്യമാക്കുന്നതിനായി കേരളമെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ -തൈക്കാട് സ്ഥാപനത്തിന് ബിൽ നം 20220452011801364027 Dt 26.3.21- 2,14,517 രൂപയും, ബിൽ നം 20220452011801364027 Dt 26.3.21- 2,02,720 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകളും സ്റ്റോക്ക് രജിസ്റ്ററും

ഹാജരാക്കാത്തതിനാൽ ഇവ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിയ്ക്ക് (നം - 3/തീയതി 10.8.2021) 44,027 രൂപയുടെ മരുന്നിന്റെ രേഖകൾ ഹാജരാക്കുകയും 3,73,210 രൂപയുടെ മരുന്ന ലഭ്യമായിട്ടില്ല എന്നമാണ് മറുപടി നൽകിയത്. ബാക്കി മരുന്ന് എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ദുരന്ത നിവാരണ പ്രവർത്തനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും, സാമൂ ഹികാധിഷ്ഠിതവുമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് സംബന്ധിച്ച നിർദ്ദേശം 04.12.19 ലെ സർക്കാർ ഉത്തരവ് (കൈ) നം.156/19/ത.സ്വ.ഭ.വ പ്രകാരം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലയിൽ നിന്നുള്ള വിവര ശേഖരണവുമായി ബന്ധപ്പെട്ട് Local Resource Group(LRG)-കൾ രൂപീകരിച്ച് പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ആയത് ഭരണ സമിതിയുടെ 11.2.2020ലെ 40/2020(3) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിൽ 20 പേരെ ഉൾപ്പെടുത്തി Emergency Response Team (ERT) -കൾ രൂപീകരിച്ചിട്ടുണ്ട് അടിയന്തിര സാഹചര്യങ്ങളിൽ മുഴുവൻ ആളുകൾക്കും വിവരം നൽകാൻ ഉത്തരവാദപ്പെട്ട 10 പേർ ഉൾപ്പെട്ട മുന്നറിയിപ്പ് സംഘവും, പ്രത്യേക വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ഒഴിപ്പിക്കൽ ടീം- ഷെൽട്ടർ മാനേജ് മെന്റ് ടീം - പ്രഥമ ശുശ്രൂഷ ബേസിക് ലൈഫ് സപ്പോർട്ട് ടീം ,സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ടീം രൂപീകരിച്ചിട്ടുണ്ട്.

ദുരന്തനിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് കണ്ണവം -യുപി.സ്കൂൾ, തൊടീക്കളം എൽ.പി സ്കൂൾ, ചിറ്റാരിപറമ്പ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ കേന്ദ്രങ്ങളൊരുക്കിയിട്ടുണ്ട് .

2020-21 വർഷം ദുരന്ത നിവാരണ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങാൻ 1,00,000 രൂപ അടങ്കലിൽ പദ്ധതി തയ്യാറാക്കിയെങ്കിലും തൻവർഷം നടപ്പിലാക്കിയിട്ടില്ല . 2020-21 വർഷം ദുരന്തങ്ങൾ കാര്യമായി ബാധിക്കാത്തതു കാരണം പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല എന്നും 2021-22 വർഷം സ്പിൽ ഓവറായി പ്രോജക്ട് തുടരുന്നുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം – 07/24.08.2021)വ്യക്തമാക്കിയത് .

## 1-33 ആസ്തികളുടെ സംരക്ഷണം

29-01-2018 ലെ സർക്കാർ ഉത്തരവിലെ [നമ്പർ (കൈ)11/2018/തസ്വഭവ] ഖണ്ഡിക 6.7 മാർഗ്ഗനിർദ്ദേശപ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും , 08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചതിന്റെയും ,പദ്ധതി തയ്യാറാക്കിയതിന്റേയും വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം - 8 തീയതി - 24.8.2021) മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-34 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്യുന്നില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളുടെയും, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരുടെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകകളുടെയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ജി.എസ്.ടി.-യുടെ (1% എസ്.ജി.എസ്.ടി, 1% സി.ജി.എസ്.ടി) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | FTO നം & തിയതി | ഈടാക്കേണ്ട GST @2 % |
|---|---|---|---|---|---|
| 1 | വണ്ണാത്തിമൂല കുട്ടിക്കുന്ന് | മലബാർ റോക്ക് | 376193 | 191660/27- | 7523.86 |

| | | | | | |
|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ്. | പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | | 07-20 | |
| 2 | ഇഎംഎസ് പടിഞ്ഞാറയിൽ റോഡ് കോൺക്രീറ്റിംഗ്. | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 138675 | 191533/25-07-20 | 0 |
| 3 | ശിവാജിനഗർ ഇടച്ചേരി കുന്ന് റോഡ് കോൺക്രീറ്റിംഗ് | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 380223 | 190893/25-07-20 | 7604.46 |
| 4 | കക്കോട്ടിൽ മൊട്ടമ്മൽ റോഡ് സൈഡ് പ്രൊട്ടക്ഷൻ | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 293967 | 787700/26-02-21 | 5879.34 |
| 5 | കാവിന്മൂല പാലയംകോട് റോഡ് ഡ്രെയിനേജ് ആൻഡ് സൈഡ് പ്രൊട്ടക്ഷൻ | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 202984 | 247369/21-01-21 | 0 |
| | | | 29464 | 809240/03-03-21 | 0 |
| 6 | പാക്കിസ്ഥാൻ പീടിക വർക്ക് ഷോപ്പ് റോഡ് കോൺക്രീറ്റിംഗ്. | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 198299 | 191515/25-07-20 | 0 |
| 7 | സത്രം മാണിക്കോത്ത് വയൽ റോഡ് കോൺക്രീറ്റിംഗ്. | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 273605 | 309788/24-09-20 | 5472.1 |
| | | | 21775 | 309805/24-09-20 | 0 |
| 8 | കോട്ടയിൽ അതിയാരത്ത് റോഡ് കോൺക്രീറ്റിംഗ്. | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 231257 | 191187/25-07-20 | 0 |
| 9 | ഇട്ടമ്പകുന്ന് റോഡ് സൈഡ് പ്രൊഡക്ഷൻ. | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 288054 | 493901/28-11-20 | 5761.08 |
| 10 | ഇട്ടമ്പ പള്ളിക്കുന്ന് റോഡ് സൈഡ് പ്രൊഡക്ഷൻ. | മലബാർ റോക്ക് പ്രൈവറ്റ് ലിമിറ്റഡ് കണ്ണവം | 254439 | 191022/25-07-20 | 5088.78 |
| | | | | ആകെ | 37329.62 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നേരിട്ട് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ സോഫ്റ്റ്‌വെയറിൽ ഇപ്രകാരം തുക ഡിഡക്ട് ചെയ്യുന്നതിനുള്ള സൗകര്യം ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ജി.എസ്.ടി ഇനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020 -21 | 13.8.2021,16.8.2021 | കെ.എസ്.എ./കെ.എൻ.ആർ./സി.8/963/2021 തീയതി: 30.09.2021 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് & നം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 3,41,500 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് – 55/21 | 3,41,500 | 0 |
| | 5,14,517 | സ്വാന്തന പരിചരണം -106/21 | 5,14,517 | |
| | 4,50,000 | പാലിന് ഇൻസെന്റീവ്-99/21 | 4,50,000 | |
| | 6,25,550 | ലൈഫ് മിഷൻ ഭവന പദ്ധതി ( പട്ടികജാതി)- 252/21 | 6,25,550 | |
| | 79,730 | പച്ചക്കറികൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി- 61/21 | 79,730 | |
| | 40,000 | ഭവന പുനരുദ്ധാരണം-ആശ്രയ - പട്ടിക വർഗ്ഗം-208/21 | 40,000 | |
| | 1,36,000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി-59/21 | 1,36,000 | |
| | 12,28,138 | കടിവെള്ള പദ്ധതി-196/21 | 99,889 | 3321302 |
| | | ലൈഫ് മിഷൻ ഭവന പദ്ധതി ജനറൽ-205/21 | 14,35,578 | |
| | | ലൈഫ് മിഷൻ ഭവന പദ്ധതി-222/21 | 40000 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 60,000 | തരിശു ഭൂമിയിൽ പച്ചക്കറി കൃഷി-213/21 | 60,000 | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 3,64,091 | പാലുത്പാദന ബോണസ്സ്-155/21 | 3,64,091 | |

ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 36,68,631 രൂപ മുന്നിരിപ്പുണ്ട്

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4- 4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ -ഇനം | ലഭിച്ച തുക | ഉത്തരവ് | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | ഒടുക്കിയതുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | തുക | പലിശ | |
| (ഹഡ്കോ) ലൈഫ് മിഷൻ ഭവന പദ്ധതി | 1,25,00,000 | സർക്കാർ ഉത്തരവ് ( എം എസ് ) 2278/18 / ത സ്വ ഭ വ തീയതി 18/8/2018 | 11632352 | 7,89,882 | | 1,07,69,332 |
| | | | | 73,138 | | |
| ആകെ | | | | 8,63,020 | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (ഷെയർ )സർട്ടിഫിക്കറ്റ് നം 4462 തീയതി 27.6.2015 | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,000 രൂപയുടെ യുടെ വിശദാംശങ്ങൾ

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ& തീയതി |
|---|---|---|---|---|
| ലഭ്യമല്ല | 3-6 | 5,000 | ശ്രീ.സുജിത്ത് കുമാർ.പി സെക്രട്ടറി ചിറ്റാരിപറമ്പ് ഗ്രാമ പഞ്ചായത്ത് | 120030100233dt 23.06.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,88,39,713.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,98,57,282.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 507 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-27 | | 507 | ശ്രീമതി.രസ്ന (ഐസിഡി എസ് സൂപ്പർവൈസർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി. രസ്ന (ഐസിഡി എസ് സൂപ്പർവൈസർ) | ഐസിഡി എസ് ഓഫീസ് കൂത്തുപറമ്പ് | ആർ. എസ് .ഭവൻ മുഴപ്പിലങ്ങാട്,കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2008-09 , 2009-10 2010-11 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 6 |
| 2011-12 2012-13 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 1 |
| 2013-14 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ | 8 |

| | | |
|---|---|---|
| 2014-15 | 785/19 തീ.01.06.19 | |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.8/ 785/19 തീ.01.06.19 | 3 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി8/1244/19 തീ.30-08-19 | 9 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി8/1137/20 തീ.05-01-21 | 8 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി8/962/2021 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Chittariparamba Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23970410.75 |
| Cash | Cash | RP-40(a) | 25380.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1729440.00 |
| 140000000 | Fees & User Charges | RP-4 | 427610.00 |
| 150000000 | Sale & Hire Charges | RP-5 | 32178.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43934059.00 |
| 171000000 | Interest Earned | RP-9 | 470232.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7371924.00 |
| 350000000 | Other Liabilities | RP-36 | 223165.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 42934.00 |
| 311000000 | Earmarked Funds | RP-29 | 45095.00 |
| 340000000 | Deposits Received | RP-34 | 162809.00 |
| 350000000 | Other Liabilities | RP-36 | 240149.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4160118.00 |
| | Grand total | | 82835503.75 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2745506.00 |
| 220000000 | Administrative Expenses | RP-12 | 967218.00 |
| 230000000 | Operations & Maintenance | RP-13 | 848192.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5965889.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15068892.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 210005.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1498946.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 783000.00 |
| 255000000 | Maintenance Projects | RP-20 | 4388688.00 |
| | | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20000.00 |
| 350000000 | Other Liabilities | RP-36 | 6131829.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 1184.00 |
| 311000000 | Earmarked Funds | RP-29 | 29500.00 |
| 340000000 | Deposits Received | RP-34 | 23750.00 |
| 350000000 | Other Liabilities | RP-36 | 1821889.00 |
| 410000000 | Fixed Assets | RP-38 | 14315377.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3465360.00 |
| 460000000 | Loans, Advances and Deposits | RP-47 | 1572057.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 22868015.75 |
| Cash | Cash | RP-40(b) | 110206.00 |
| | Grand Total | | 82835503.75 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Chittariparamba Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 6002021.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 78216.00 |
| 140000000 | Fee & User Charges | I-4(b) | 761960.00 |
| 150000000 | Sale & Hire Charges | I-5(b) | 32948.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 161441036.00 |
| 171000000 | Interest Earned | I-8 | 470232.00 |
| 180000000 | Other Income | I-9 | 221567.00 |
| | Total Income | | 169007980.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10641094.00 |
| 220000000 | Administrative Expenses | I-11(b) | 1008281.00 |
| 230000000 | Operations & Maintenance | I-12(b) | 848192.00 |
| 240000000 | Interest & Finance Charges | I-13 | 1094.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6130889.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 69017173.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 365881.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1498946.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 58607800.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 4427840.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 20000.00 |
| 270000000 | Provisions and Write off | I-16 | 2108.00 |
| 272000000 | Depreciation | I-17(a) | 10660790.00 |
| | Total Expenditure | | 163230088.00 |
| | Gross Surplus/ Deficit of income over Expenditure | | 5777892.00 |
| 280000000 | Prior Period Item | I-18 | -4732828.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 10510720.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3
## ബാലൻസ് ഷീറ്റ്

Chittariparamba Grama Panchayat
BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -11586142.85 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 46494.00 |
| 312000000 | Reserves | B-3 | 55895764.00 |
| | Total Reserve & Surplus | | 44356115.15 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6879197.00 |
| | Total Grants, Contributions for Specific Purposes | | 6879197.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10769332.00 |
| | Total Loans | | 10769332.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 3470229.00 |
| 350000000 | Other Liabilities | B-9 | 2267663.60 |
| | Total Current Liabilities and Provisions | | 5737892.60 |
| | TOTAL LIABILITIES | | 67742536.75 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 89746457.00 |
| 411000000 | Accumulated Depreciation | B-11 | -50424127.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 39322330.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | | | |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3776687.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 22978221.75 |
| 460000000 | Loans, Advances and Deposits | B-18 | 1645298.00 |
| | | | |
| Total Current Assets, Loans and Advances | | | 28400206.75 |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | | | 67742536.75 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.